# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

# 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/681/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ് ജില്ല

തീയതി.23.06.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-10/681/2017 തിയതി :23.06.2017

# കാസറഗോഡ് ജില്ലയിലെ വെസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ വെസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-2016 മുതൽ 12-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31-3-2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിനു വിനിയോഗിച്ച സമയം</td><td colspan="2">13.06.2017 മുതൽ 21.06.2017 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ</td><td>പേര്</td><td>ഉദ്യോഗപ്പേര്</td></tr>
<tr><td>ധനജയൻ.ടി.എസ്.</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>തോമസ്.കെ.</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
</table>

| | | |
|---|---|---|
| | ജെന്ന കുര്യാക്കോസ് | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശിവശങ്കര.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പ്രസീത രാജൻ | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | ശ്രീ. സി.ദാമോദരൻ | 01.04.2016മുതൽ31.10.2016വരെ |
| | ശ്രീ.രാജു.കെ.ജെ (അസി.സെക്രട്ടറി ഇൻചാർജ്ജ്) | 01.11.2016മുതൽ 08.1.2017വരെ |
| | ശ്രീ.വൈ.ഫിലിപ്പ് | 09.01.2017മുതൽ 31.3.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ആർ.രജിത്ത് ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്ജ്) | 01.04.2016 മുതൽ 29.07.2016 വരെ |
| | രാജു.കെ.ജെ | 30.07.2016 മുതൽ 27.02.2017 വരെ |
| | ജോസഫ്.സി.എ | 28.02.2017 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനിയർ | മോഹനൻ.പി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | സുമ.ഡി.എൽ | 01.04.2016മുതൽ 30.09.2016വരെ |
| | അതുൽ.സി.മണപ്പാടൻ | 01.10.2016മുതൽ 22.11.2016വരെ |
| | ജ്യോതികുമാരി.കെ.എൻ | 23.11.2016മുതൽ 05.02.2017 വരെ |
| | ഐശ്വര്യ.സി.എസ് | 06.02.2017മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ദാക്ഷായണി | 01.04.2016മുതൽ 31.07.2016വരെ |
| | ശിഖ മാർവ്വിൻ | 01.08.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ | സുരേന്ദ്രൻ.വി (ഭീമനടി സർക്കിൾ) | 01.04.2016മുതൽ 31.03.2017 വരെ |
| | ഷീജ.ഇ.എസ്. (നർക്കിലക്കാട് സർക്കിൾ) | 01.04.2016മുതൽ 03.12.2016 വരെ |
| | സുരേന്ദ്രൻ.വി (ഇൻ ചാർജ്ജ്) | 04.12.2016മുതൽ 08.12.2016 വരെ |
| | ശ്രിജിൽ ജോസഫ് (നർക്കിലക്കാട് സർക്കിൾ) | 09.12.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ഒ.എം.ബാലകൃഷ്ണൻ | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സനീം.വി | 01.04.2016മുതൽ 23.09.2016 വരെ |

| | | |
|---|---|---|
| | ഡോ.ജിബിൻ ചെറിയാൻ | 24.09.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.ഭാഗ്യശ്രീ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.വാസു ആനന്ദ് | 01.04.2016മുതൽ 17.04.2016 വരെ |
| | ഡോ.പ്രിയ.പി.വി | 18.04.2016മുതൽ 05.08.2016 വരെ |
| | ഡോ.ഷിജിൻ ആലൂർ | 06.08.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ദിവ്യ ഗോപാലൻ | 01.04.2016മുതൽ 20.09.2016 വരെ |
| | ഡോ.രാജേഷ് | 21.09.2016മുതൽ 09.11.2016വരെ |
| | ഡോ.പ്രഭിത വി.പി | 10.11.2016മുതൽ 31.03.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-1 |
| 12 | മൊബൈൽ ടവർ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 13 | ക്യൂ സിസ്റ്റത്തിൽ മാറിയ ബില്ലുകൾ ബജറ്റ് അലോക്കേഷൻ സംബന്ധച്ച കൃത്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല... | 3-1 |
| 14 | പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കിയത് തുടർ നടപടികൾ സംബന്ധിച്ച് | 3-2 |
| 15 | വിവിധ പദ്ധതികൾക്ക് തുക കൈമാറിയത് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-3 |

| | | |
|---|---|---|
| 16 | ആശ്രയ രണ്ടാംഘട്ട പദ്ധതി ഫഞ്ചായത്ത് വിഹിതം വകയിരുത്തി പദ്ധതി ആരംഭിച്ചിട്ടില്ല | 3-4 |
| 17 | ആരോഗ്യമേഖല വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവാനുള്ളത് 8.38 ലക്ഷം രൂപയുടെ മരുന്നുകൾ | 3-5 |
| 18 | വെളിയിട വിസർജ്ജന വിമുക്ത പദ്ധതി -വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത് തുക ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. | 3-6 |
| 19 | വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പൂർത്തീകരണ വിവരങ്ങൾ അപൂർണ്ണം | 3-7 |
| 20 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ-ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-8 |
| 21 | പാലിയേറ്റീവ് പരിചരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് | 3-9 |
| 22 | തുക കൈപ്പറ്റിയിട്ടും വിതരണക്കാർ ഫർണിച്ചർ ലഭ്യമാക്കിയിട്ടില്ല | 3-10 |
| 23 | പശ്ചിമ ഘട്ട വികസന പദ്ധതി ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 15.25ലക്ഷം രൂപ നഷ്ടപ്പെടുത്തി | 3-11 |
| 24 | ഇ.എം.എസ് പദ്ധതി വീട് പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവർ | 3-12 |
| 25 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-നടപടിക്രമങ്ങളിലെ അപാകതകൾ | 3-13 |
| | ഭാഗം 4 | |
| 26 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


<u>അനുബന്ധപത്രികകൾ</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03-03-2016 ലെ ഭരണസമിതി തീരുമാനം നമ്പർ 33/16 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 15,22,100 |
| വരവ് | 19,63,03,500 |
| ആകെ | 19,78,25,600 |
| ചെലവ് | 19,62,16,500 |
| നീക്കിയിരിപ്പ് | 16,09,100 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 06-06-2017 |

## 1-3 വാർഷിക ധനകാര്യ പത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 13-06-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1)വിവിധ ട്രഷറി അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ് മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)പരിശോധനയ്ക്ക് ലഭ്യമാക്കിയ തൻവർഷത്തെ വസ്തു നികുതി, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബന്ധപ്പെട്ട സേഫറ്റ് വെയറിൽ നിന്നും ലഭിക്കുന്ന വർഷാന്ത്യ റിപ്പേർട്ടുകളിൽ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു. ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് മെയിന്റനൻസ് ഫണ്ടിൽ നിന്നും അനുവദിച്ച 69,200 രൂപയുടെ അലോട്ട്മെന്റ് ഹെഡ് മാറിയാണ് പിൻവലിച്ചിട്ടുള്ളത് .ആയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,15,44,594 |
| വരവ് | 6,57,59,982 |
| ആകെ | 7,73,04,576 |
| ചെലവ് | 6,26,31,427 |
| നീക്കിയിരിപ്പ് | 1,46,73,149 |

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,64,13,008 | 1,64,13,008 | 1,36,40,028 | 27,72,980 | 83.10 |
| വികസനഫണ്ട് എസ്.സി.പി. | 0 | 86,29,656 | 86,29,656 | 71,08,989 | 15,20,667 | 82.37 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 30,255 | 30,255 | 28,010 | 2,245 | 92.57 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 62,32,719 | 62,32,719 | 34,79,050 | 27,53,669 | 55.81 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 43,55,193 | 43,55,193 | 34,77,629 | 8,77,564 | 74.70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 92,02,787 | 92,02,787 | 77,02,609 | 15,00,178 | 83.69 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 54,11,399 | 54,11,399 | 9,97,792 | 44,13,607 | 18.43 |
| ബി. ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 4,27,49,375 | 4,27,49,375 | 4,27,49,375 | 0 | 100 |
| എം.ജി.എൻ.ആർ. ജി.എസ് (എഫ്.റ്റി.ഒ ഉൾപ്പടെ) | 262 | 3,07,07,870 | 3,07,08,132 | 3,07,03,682 | 4,450 | 99.9 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 199 | 104 | 21 | 74 | 83 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 7 | 35,62,350 | 7 | 33,09,245 | 92.89 |
| 2 | വെറ്റിനറി സർജ്ജൻ | 6 | 26,55,696 | 6 | 25,30,443 | 95.28 |
| 3 | മെഡിക്കൽഓഫീസർ, അലോപ്പതി | 11 | 17,87,240 | 11 | 17,85,220 | 99.9 |
| 4 | മെഡിക്കൽഓഫീസർ, ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100 |
| 5 | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 4 | 7,27,693 | 4 | 7,26,543 | 99.9 |
| 6 | വി.ഇ.ഒ | 9 | 88,12,100 | 6 | 64,09,200 | 72.73 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 38,28,514 | 4 | 34,58,514 | 90.33 |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 19 | 41,74,892 | 13 | 32,38,666 | 77.57 |
| 9 | ഹെഡ്മാസ്റ്റർ | 4 | 24,68,877 | 3 | 21,10,000 | 85.46 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 125 | 4,37,20,218 | 65 | 1,86,57,402 | 42.67 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 40,40,000 | 5 | 29,14,973 | 72.15 |
| | ആകെ | 199 | 7,59,77,580 | 125 | 4,53,40,206 | 59.67 |

## 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 62% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വസ്തു നികുതി പിരിവിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,71,840 | 45,48,957 | 18,77,117 | (+)70.25 |
| നികുതിയേതര വരവുകൾ | 10,88,560 | 13,66,387 | 2,77,827 | (+)25.52 |
| മറ്റുള്ളവ | - | 1,73,454 | 1,73,454 | (+)100 |
| ആകെ | 37,60,400 | 60,88,798 | 23,28,398 | (+)62% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,04,280 | 54 |
| കർഷക തൊഴിലാളി പെൻഷൻ | 63,33,220 | 705 |
| വിധവാ പെൻഷൻ | 98,71,430 | 930 |
| വാർദ്ധക്യകാല പെൻഷൻ | 2,30,17,390 | 2078 |
| വികലാംഗ പെൻഷൻ | 27,88,195 | 318 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,94,860 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,20,000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2017 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,267രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-05-2017 മുതൽ 08-05-2017 വരെ | 01/02/2017 & 30/04/2017 | 08-05-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/04/2002 മുതൽ 04/05/2002 വരെ | 1997-98 മുതൽ 1999-2000 വരെ | 275/161-01-07-2002 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷത്തിൽ ഇ. ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കാസറഗോഡ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് , പ്രൊജക്റ്റ് നം | അടങ്കൽ തുക | ഫോമിന്റെ വില | കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1 | മൗക്കോട് പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം 199/16-17 | 29,06,317 | 2,700 | 4 | 10,800 |
| 2 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് കെട്ടിട നിർമ്മാണം 188/16-17 | 6,50,000 | 1,400 | 2 | 2,800 |
| 3 | ഭീമനടി ബസ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം 200/16-17 | 6,90,000 | 1,500 | 2 | 3,000 |
| 4 | മൗക്കോട് ജി.എൽ.പി.എസ് കെട്ടിടം അറ്റകുറ്റപ്പണി 134/16-17 | 7,15,000 | 1,600 | 2 | 3,200 |
| 5 | ചെമ്പൻകുന്ന-മുണ്ഡ്യാനം -പാലാന്തടം റോഡ് ടാറിങ്ങ് 33/16-17 | 6,00,000 | 1,300 | 2 | 2,600 |
| 6 | കുറുഞ്ചേരി-കുവപ്പാറ-ചെമ്പൻകുന്ന് റോഡ് ടാറിങ്ങ് 36/16-17 | 6,00,000 | 1,300 | 4 | 5,200 |
| 7 | കുറുഞ്ചേരി പാങ്കയം റോഡ് ടാറിങ്ങ് 36/16-17 | 5,00,000 | 1,100 | 4 | 4,400 |
| 8 | മാങ്ങോട് നരമ്പച്ചേരി റോഡ് ടാറിങ്ങ് 39/16-17 | 5,00,000 | 1,100 | 4 | 4,400 |
| 9 | കുരാങ്കുണ്ട് മാവുള്ളാൽ റോഡ് ടാറിങ്ങ് 44/16-17 | 5,00,000 | 1,100 | 3 | 3,300 |
| 10 | എച്ചിലാങ്കയം വരമ്പുപാറ റോഡ് ടാറിങ്ങ്76/16-17 | 5,00,000 | 1,100 | 2 | 2,200 |
| 11 | കുണ്ടംതട്ട് മുക്കട പെരുമ്പട്ട റോഡ് ടാറിങ്ങ് 86/16-17 | 5,00,000 | 1,100 | 3 | 3,300 |

| | | | | | |
|---|---|---|---|---|---|
| 12 | കപ്പാത്തി പെരുമ്പട്ട ഹൈസ്കൂൾ റോഡ് ടാറിങ്ങ് 87/16-17 | 5,00,000 | 1,100 | 3 | 3,300 |
| 13 | നർക്കിലക്കാട് പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം 122/16-17 | 6,00,000 | 1,300 | 3 | 3,900 |
| 14 | അടുക്കള ക്കണ്ടം അടുക്കളകുന്ന് റോഡ് റീ ടാറിങ്ങ് 47/16-17 | 8,00,000 | 1,700 | 2 | 3,400 |
| 15 | ചട്ടമല വെളിച്ചം തോട് പറമ്പ റോഡ് റീ ടാറിങ്ങ് 55/16-17 | 6,00,000 | 1,300 | 2 | 2,600 |
| 16 | മണാട്ടിക്കവല തേന്വര് റീ റോഡ് ടാറിങ്ങ്73/16-17 | 5,00,000 | 1,100 | 2 | 2,200 |
| 17 | കോടങ്കല്ല് പെരളം റോഡ് ടാറിങ്ങ് 75/16-17 | 7,00,000 | 1,500 | 2 | 3,000 |
| 18 | എളേരിത്തട്ട് കോളേജ് റോഡ് റീ ടാറിങ്ങ്41/16-17 | 5,00,000 | 1,100 | 3 | 3,300 |
| 19 | പുന്നക്കുന്ന് പറടംകയം റോഡ് ടാറിങ്ങ് | 5,00,000 | 1,100 | 1 | 1,100 |
| 20 | നാട്ടക്കൽ പകൽപരിപാലന കേന്ദ്രം നിർമ്മാണം 144/16-17 | 8,00,000 | 1,700 | 1 | 1,700 |
| 21 | മണ്ഡപം അങ്കണവാടി നിർമ്മാണം 113/16-17 | 7,00,000 | 1,500 | 1 | 1,500 |
| | | | | ആകെ | 71,200 |

മേൽ തുകകൾ പഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടവർ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 09.01.2012ലെ തീരുമാനം നമ്പർ 5(1)പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി,ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും,2013-2014 സാമ്പത്തികവർഷം മുതൽപുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിശ്ശികയുൾപ്പടെയുള്ള വസ്തു നികുതി പിരിച്ചടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ $m^2$ | വസ്തുനികുതി കുടിശ്ശിക | വസ്തുനികുതി തൻവർഷം 2016-2017 | ആകെ |
|---|---|---|---|---|---|---|
| 1 | Circle head WTTIL, Kochi | 16/119 | $18m^2$ | 11,876/- | 6,615/- | 18,491/- |
| 2 | റിലയൻസ് Communication Ltd. | 3/86A | $14m^2$ | 23,901/- | 8,085/- | 31,986/- |
| 3 | M/Sറിലയൻസ് Communication Ltd. | 6/246C | $40m^2$ | 50,577/- | 16,977/- | 67,554/- |
| 4 | വൊഡാഫോൺ-എസ്സാർ സെല്ലുലാർ Ltd. | 8/328 | $12m^2$ | 18,372/- | 5,670/- | 24,042/- |
| | ആകെ | | | 1,04,726/- | 37,347/- | 1,42,073/- |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്യൂ സിസ്റ്റത്തിൽ മാറിയ ബില്ലുകൾ -ബജറ്റ് അലോക്കേഷൻ സംബന്ധിച്ച് കൃത്യമായ രേഖകൾ ട്രഷറിയിൽ നിന്നും ലഭ്യമായിട്ടില്ല- അഡീഷണൽ അലോട്ട്മെന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച് മാറുവാൻ സാധിക്കാത്തബില്ലുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ധനകാര്യവകുപ്പിന്റെ 10-05-2017തിയതിയിലെ 33/ss1 /2017ധന. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി .ഇതനുസരിച്ച് ഇപ്രകാരം ക്യൂവിലുള്ള എല്ലാ ബില്ലുകളും ഈ സാമ്പത്തിക വർഷത്തെ( 2017-18) ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറി നൽകേണ്ടത്. തുടർന്ന് ധനകാര്യ (എസ്.എഫ്.സി സെൽ. എ) വകുപ്പ് സ.ഉ.(സാധ)നം.4473/17 ധന. തി. 29.05.2017 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ക്യൂ സിസ്റ്റത്തിൽ നിൽക്കുന്ന ബില്ലുകൾ സംബന്ധിച്ച് ട്രഷറി ഡയറക്ടർ നൽകിയ സ്റ്റേറ്റ്മെന്റിന്റെയടിസ്ഥാനത്തിൽ 144.96 കോടി രൂപയുടെ അഡീഷണൽ അലോട്ട്മെന്റ് സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് ഉത്തരവുകളും വരുന്നതിന് മുമ്പ് തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി , അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ ഫണ്ടുകളിൽ നിന്നായി 6,75,653 രൂപയുടെ ബില്ലുകൾ 03-05-17,06-05-17 എന്നീ തിയതികളിൽ ട്രഷറിയിൽ നിന്നും മാറുകയുണ്ടായി. എന്നാൽ ഇവ മേൽ സർക്കാർ ഉത്തരവുകളിൽ സൂചിപ്പിച്ച രീതിയിൽ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നാണോ മാറിയിട്ടുള്ളത് എന്ന കാര്യം തെളിയിക്കുന്നത് സംബന്ധിച്ച ട്രഷറി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല . കൂടാതെ ക്യൂ സിസ്റ്റത്തിൽ നിൽക്കുന്ന ബില്ലുകൾ മാറുന്നതിനായി അഡീഷണൽ അലോട്ട്മെന്റ് അനുവദിച്ച കൊണ്ടുള്ള

സർക്കാർ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിന്റെ പേരുണ്ടെങ്കിലും തുകയൊന്നും തന്നെ അനുവദിച്ച് കാണുന്നുമില്ല. ഇക്കാര്യം പരിശോധിച്ച് ക്യൂ സിസ്റ്റത്തിൽ മാറിയ ബില്ലുകളുടെ ബജറ്റ് അലോക്കേഷൻ സംബന്ധിച്ച കൃത്യത ഉറപ്പാക്കേണ്ടതും അഡീഷണൽ അലോട്ട്മെന്റിന് അർഹതയുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ഭരണ വകുപ്പ് മുഖേന സ്വീകരിക്കേണ്ടതുമാണ്. 2016-17 വാർഷിക കണക്ക് മേൽ തുകകൾ ഉൾപ്പെടാതെയാണ് തയ്യാറാക്കിയിട്ടുള്ളത് . ആയതിനാൽ മേൽ ചെലവ് 2017-18 സമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ക്യൂ സിസ്റ്റത്തിൽ മാറിയ ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രഷറി ബിൽ തിയതി | തുക | ഫണ്ടിനം |
|---|---|---|---|---|---|
| 1 | മുള്ളൻകല്ല് കുടിവെള്ള പദ്ധതി | സെക്രട്ടറി | 34/ 3-5-2017 | 1,30,000 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| 2 | SC,STകോളനികൾക്ക് ഇലക്ട്രിക്ക് മോട്ടോർ | അസിസ്റ്റന്റ് എഞ്ചിനിയർ | 62/ 6-5-2017 | 2,00,000 | എസ്.സി. പി. |
| 3 | -ടി- | -ടി- | 63/ 6-5-2017 | 44,408 | വികസനഫണ്ട് ജനറൽ |
| 4 | കോടങ്കല്ല് പെരളം റോഡ് ടാറിങ്ങ്- റീച്ച് 2 | -ടി- | 64/ 6-5-2017 | 2,10,655 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| 5 | -ടി- | -ടി- | 65/6-5-2017 | 90,590 | വികസനഫണ്ട് ജനറൽ |
| | | | ആകെ | 6,75,653 | |

## 3-2 പൊതുമരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കിയ സർവ്വീസ് ടാക്സ് -തുടർ നടപടികൾ സംബന്ധിച്ച്

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം നടപ്പിലാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കിയ 3,28,636 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ. വെള്ളരിക്കുണ്ട് ശാഖയിലുള്ള .....276476 നമ്പർ അക്കൗണ്ട്) സൂക്ഷിച്ചിരിക്കുകയാണ്. സർവ്വീസ് ടാക്സ് ഈടാക്കുന്നത് സംബന്ധിച്ചും ആയതിന്റെ ഒടുക്ക് സംബന്ധിച്ചും വ്യക്തമായ സർക്കാർ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ഇതു സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിനോടും ചീഫ് എഞ്ചിനിയറോടും അഭ്യർത്ഥിക്കാവുന്നതാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സർവ്വീസ് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഈടാക്കിയ സർവ്വീസ് ടാക്സ് |
|---|---|---|

| | | |
|---|---|---|
| 1 | മുക്കട ആയുർവ്വേദ ആശുപത്രി-മെയിന്റനൻസ് | 16,701 |
| 2 | പുന്നക്കുന്ന് അങ്കനവാടി കെട്ടിടം | 8,260 |
| 3 | മൗവ്വേനി എസ്.സി നഴ്സറി സ്കൂൾ റിപ്പയർ | 36,272 |
| 4 | കമ്മാടം ഹോമിയോ ആശുപത്രി-മെയിന്റനൻസ് | 4,726 |
| 5 | കമ്മാടം ജി.എൽ.പി.എസ് റിപ്പയർ | 45,483 |
| 6 | കുന്നംകൈ ജി.എൽ.പി.എസ്.സൈഡ് പ്രൊട്ടക്ഷൻ വർക്ക് &ഇന്റർലോക്ക് | 18,911 |
| 7 | പറമ്പ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | 13,439 |
| 8 | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് | 34,798 |
| 9 | പൂങ്കോട് കോളനി കുടിവെള്ള പദ്ധതി | 5,980 |
| 10 | ജി.എൽ.പി.എസ്.മൗക്കോട് മെയിന്റനൻസ് | 53,747 |
| 11 | വിവിധ കമ്മ്യൂണിറ്റിഹാളുകളുടെ റിപ്പയർ | 40,078 |
| 12 | കുന്നംകൈ കുടുംബക്ഷേമ കേന്ദ്രം റിപ്പയർ | 13,999 |
| 13 | നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി | 18,751 |
| 14 | കുറ്റിത്താനി കുടിവെള്ള പദ്ധതി | 17,491 |
| | ആകെ | 3,28,636 |

## 3-3 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 30,94,900 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്കുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 201/17-ചെന്നടുക്കം കുടിവെള്ള പദ്ധതി-അറ്റകുറ്റപ്പണി | 17/16-17 തി.25-01-17 | 2,00,000 | കേരള വാട്ടർ അതോറിറ്റി |
| 2 | സെക്രട്ടറി | 205/17മൂക്കട സ്വജൽധാര കുടിവെള്ള പദ്ധതി -വൈദ്യുതീകരണം | 29/16-17 തി.31-03-17 | 1,59,900 | കെ.എസ്.ഇ.ബി |
| 3 | സെക്രട്ടറി | 240/17കുറുക്കുട്ടിപൊയിൽ കുടിവെള്ള പദ്ധതി | 28/16-17 തി.31-03-17 | 4,00,000 | കേരള വാട്ടർ അതോറിറ്റി |
| 4 | സെക്രട്ടറി | പ്രൊ.നം.93/17 എൻ.പി.ആർ.പി.ഡി വിഹിതം നൽകൽ | 19/16-17 തി.17-02-17 | 2,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 5 | അസി. സെക്രട്ടറി | പ്രൊ.നം.229/17 ഐ.എ.വൈ. അധിക വിഹിതം നൽകൽ | 20/16-17 തി.21-02-17 | 9,37,245 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 6 | അസി. സെക്രട്ടറി | പ്രൊ.നം.2--/17 ഐ.എ.വൈ. അധിക വിഹിതം നൽകൽ | 21/16-17 തി.21-02-17 | 255 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ,പരപ്പ |
| 7 | അസി. സെക്രട്ടറി | പ്രൊ.നം.225--/17 ഐ.എ.വൈ. വിഹിതം നൽകൽ | 22/16-17 തി.22-02-17 | 9,77,500 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 8 | സെക്രട്ടറി | പ്രൊ.നം.253--/17 പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പദ്ധതി വിഹിതം നൽകൽ | 32/16-17 തി.31-03-17 | 10,000 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 9 | സെക്രട്ടറി | പ്രൊ.നം.255--/17 സാക്ഷരതാ കേന്ദ്രങ്ങൾക്ക് പുസ്തകം അലമാര -പദ്ധതി വിഹിതം നൽകൽ | 33/16-17 തി.31-03-17 | 10,000 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 10 | വി.ഇ.ഒ നർക്കിലക്കാട് സർക്കിൾ | പ്രൊ നം .103/17 പി.എം.എ.വൈ. വിഹിതം നൽകൽ | 8/16-17 തി.15-03-17 | 2,00,000 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| | | | ആകെ | 30,94,900 | |

## 3-4 ആശ്രയ രണ്ടാം ഘട്ട പദ്ധതി - പഞ്ചായത്ത് വിഹിതം വകയിരുത്തി പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന ആശ്രയ രണ്ടാംഘട്ടം പദ്ധതിയ്ക്കായി ( 2014-2017 ) 49.36 ലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്കായി സർക്കാർ അംഗീകാരം നൽകുകയും പദ്ധതിയിൽ വകയിരുത്തിയിരുന്ന ചലഞ്ച് ഫണ്ട് വിഹിതത്തിന്റെ ആദ്യഗഡു 2,50,633 രൂപ സംസ്ഥാന ദാരിദ്ര നിർമ്മാർജ്ജന മിഷനിൽ നിന്നും 22-6-2016ന് ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയുമുണ്ടായി. പ്രസ്തുത തുകയിൽ നിന്നും ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി നാളിതുവരെ 1,28,504

രൂപ വിനിയോഗിക്കുകയുമുണ്ടായി. എന്നാൽ പദ്ധതിൽ മറ്റ് പ്രവർത്തനങ്ങൾക്കായി വകയിരുത്തേണ്ട ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കാണുന്നില്ല. വീട്,വീട് റിപ്പയർ, സ്ഥലം, കുടിവെള്ളം, കക്കൂസ് തുടങ്ങിയ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമാണ് ചെലവഴിക്കേണ്ടത്. ഇക്കാര്യം പരിശോധിച്ച് ആശ്രയ ഗുണഭോക്താക്കൾക്ക് അവശ്യമായതും അർഹതപ്പെട്ടതുമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതികൾ തുടർന്നുള്ള വാർഷിക പദ്ധതികളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി.ഡി.എസ്. അധികൃതർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം ആശ്രയ ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങൾക്കായി ലഭിച്ച തുകയിൽ 4.71 ലക്ഷം രൂപ ഇനിയും വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. അതുപോലെ ആദ്യഘട്ടപദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും മുൻവർഷങ്ങളിൽ അനുവദിച്ച തുകയിൽ 1.59 ലക്ഷം രൂപയും സി.ഡി.എസ്. അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് ആദ്യഘട്ടപദ്ധതിപ്രകാരം ലഭിച്ച് ചെലവഴിക്കുവാൻ അവശേഷിക്കുന്ന ചലഞ്ച് ഫണ്ട്, വികസനഫണ്ട് തുകകൾ പുതുക്കിയ പദ്ധതിയിൽ ഉൽപ്പെടുത്തി വിനിയോഗിക്കുവാൻ സാധിക്കുമോയെന്ന കാര്യത്തിൽ കുടുബശ്രീ മിഷൻ മുഖേന സർക്കാരിൽ നിന്നും അനുമതി വാങ്ങി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് പുരോഗതി വിലയിരുത്തി പദ്ധതി നടത്തിപ്പിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഗ്രാമ പഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാനും ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 ആരോഗ്യമേഖല- വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവാനുള്ളത് 8.38ലക്ഷം രൂപയുടെ മരുന്നുകൾ

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ വിവധ പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ് സി.എൽ, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് 9.73 ലക്ഷം രൂപ കൈമാറിയതിൽ ഔഷധിയിൽ നിന്നുള്ള 1.35ലക്ഷം രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാവേണ്ട മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് ആയവ ലഭ്യമായതിനുശേഷം ഇതുമായി ബന്ധപ്പെട്ട സ്റ്റോക്ക് -ഇഷ്യൂ വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വിവിധ ഔഷധ വിതരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടേയും , നാളിതുവരെ ലഭ്യമായ മരുന്നിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | തുക കൈമാറിയ സ്ഥാപനം | ട്രഷറി ബിൽനം | നൽകിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, അലോപ്പതി | 98/17 | KMSCL | 06/16-17 28-02-2017 | 72,300 | 0 | 72,300 |
| 2 | ടി | 97/17 | -ടി- | 07/16-17 28-02-2017 | 5,00,000 | 0 | 5,00,000 |
| 3 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 212/17 | ഔഷധി | 3/16-17 27-02-2017 | 1,30,018 | 1,35,562 | 65,631 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | -ടി- | -ടി- | -ടി- | 4/16-17<br>27-02-2017 | 71,175 | | |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 186/17 | ഹോംകോ, ആലപ്പുഴ | 01/16-17<br>14-02-2017 | 2,00,000 | 0 | 2,00,000 |
| | | | | ആകെ | 9,73,493 | 1,35,562 | 8,37,931 |

## 3-6 സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി- വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനായി 323പേർക്ക് 15,400രൂപ നിരക്കിൽ ആകെ 49,74,200 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന ശുചിത്വ മിഷൻ വിഹിതം 38,76,000രൂപ പദ്ധതി നിർവ്വഹണ വേളയിൽ ലഭ്യമാവാതിരുന്നതിനാൽ 28-12-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം മറ്റ് പ്രൊജക്ടുകൾക്കായി നീക്കിവെച്ച തുകകൾ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തത്. ഇതനുസരിച്ച് വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 19,97,955 രൂപയും, എസ്.സി.പി ഫണ്ടിൽ നിന്നും 16,94,000 രൂപയും, തനത് ഫണ്ടിൽ നിന്നും 7,00,000രൂപയും, പഴയ ടി.എസ്.സി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 5,82,245രൂപയുമുൾപ്പടെയാണ് ആകെ 49,74,200 രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചത്. പിന്നീട് ശുചിത്വ മിഷനിൽ നിന്നും 29.11ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി . ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അധികമായി വിനിയോഗിച്ച തുക ഏതുമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാക്കിയതാണോ അതേ മേഖലകളിൽ തന്നെ വിനിയോഗിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 2016-17 വർഷം പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാവേണ്ട തുക പൂർണ്ണമായും ലഭിച്ചിട്ടുമില്ല. വിശദാംശംചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ആകെ നിർമ്മിച്ച കക്കൂസുകൾ | ജനറൽ = 213 |
| | | പട്ടിക വർഗ്ഗം= 110 |
| | | ആകെ =323 |
| 2 | പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചതുക | വി.ഫണ്ട്.ജന.=19,97,955 |
| | | എസ്.സി.പി =16,94,000 |
| | | തനത് ഫണ്ട്= 7,00,000 |
| | | പഴയ ടി.എസ്.സി ഫണ്ട് = 5,82,245 |
| | | ആകെ 49,74,200 |
| 3 | പഞ്ചായത്ത് വിഹിതം | പൊതുവിഭാഗം ₹7,24,200 |

| | | |
|---|---|---|
| | വിനിയോഗിക്കേണ്ടത് | (213x3,400) |
| | | എസ്.സി.പി ₹3,74,000<br>(110x3,400) |
| | | ആകെ ₹10,98,200 |
| 4 | പഞ്ചായത്ത് ഫണ്ട് അധികം വിനിയോഗിച്ചത് | വികസനഫണ്ട് &തനത് ഫണ്ട്<br>19,97,955+7,00,000=26,97,955<br>26,97,955-7,24,200=₹19,73,755 |
| | | എസ്.സി.പി വിഹിതം<br>16,94,000-3,74,000=₹13,20,000 |
| 5 | ശുചിത്വ മിഷൻ വിഹിതം ലഭിക്കേണ്ടത്<br>(12,000x323) | ₹38,76,000 |
| 6 | ശുചിത്വ മിഷൻ വിഹിതം ലഭിച്ചത്<br>(31-03-17വരെ ) | തൻവർഷം ലഭിച്ചത് ₹29,11,065 |
| | | പഴയ ടി.എസ്.സി ഫണ്ട് വിനിയോഗിച്ചത് =₹5,82,245 |
| | | ആകെ =34,93,310 |
| 7 | ശുചിത്വ മിഷൻ വിഹിതം ഇനി ലഭിക്കേണ്ടത് | ₹3,82,690 (38,76,000-34,93,310) |
| 8 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം പൊതുവിഭാഗത്തിനായി പകരം പ്രൊജക്ട് വെച്ച് വിനിയോഗിക്കേണ്ട തുക | ₹19,73,755 |
| | 31-03-17വരെ വിനിയോഗിച്ച തുക | ₹14,43,761 |
| | വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക | ₹ 5,29,994 |
| 11 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം പട്ടിക വർഗ്ഗ മേഖലയിൽ പകരം പ്രൊജക്ട് വെച്ച് വിനിയോഗിക്കേണ്ട തുക | ₹13,20,000 |

| | | |
|---|---|---|
| | 31-03-17വരെ വിനിയോഗിച്ച തുക | ₹2,45,000 |
| | വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക | ₹1,075,000 |

ഇക്കാര്യം പരിശോധിച്ച് ശുചിത്വ മിഷനിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്ന തുക ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും മേൽ പട്ടിക എട്ട്, ഒമ്പത് എന്നിവ പ്രകാരം ബന്ധപ്പെട്ടമേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് ചെലവഴിക്കേണ്ട തുകകൾ ചെലവഴിച്ചുവെന്ന് ഉറപ്പാക്കേണ്ടതും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(കുറിപ്പ്. ഗ്രാമ പഞ്ചായത്തിൽ എസ്.സി.പി.ഫണ്ട് അലോക്കേഷൻ കൂടതലും ഗുണഭോക്താക്കൾ കുറവുമായതിനാൽ സർക്കാർ നിർദ്ദേശാനുസരണം എസ്.സി.പി.ഫണ്ട് പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി വിനിയോഗിക്കുന്നു.)

## 3-7 സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി-പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ അപൂർണ്ണം

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനായി 323പേർക്ക് 15,400രൂപ നിരക്കിൽ ആകെ 49,74,200 രൂപ അനുവദിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ ചില ഗുണഭോക്താക്കളുടെ വ്യക്തിഗത രേഖകളോടൊപ്പം നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച വാർഡ് തല ശുചിത്വ സമിതികളുടെയൊ, നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ പൂർത്തീകരണ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല . ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ഗണേശൻ.വി. വരക്കാട് | 3 |
| 2 | വിനോദ്.പി.വി. ചെന്നടുക്കം | 3 |
| 3 | തങ്കമണി ,താലോലപ്പൊയിൽ | 3 |
| 4 | ആലീസ് ജോസഫ് ,പാലാന്തടം | 1 |
| 5 | രാധാമണി, താലോലപ്പൊയിൽ | 3 |
| 6 | ശ്രീജ മോഹനൻ, മണാട്ടിക്കവല | 14 |
| 7 | സുകുമാരൻ, കുവപ്പാറ | 1 |
| 8 | തമ്പായി കുഞ്ഞിക്കണ്ണൻ, കട്ടമേനി | 14 |

| | | |
|---|---|---|
| 9 | ബോളൻ, വരക്കാട് തട്ട് | 4 |
| 10 | കുഞ്ഞമ്മ ,ചെമ്പൻ കുന്ന് | 1 |
| 11 | ഷീജ.പി.കെ, ഉദയപുരം | 12 |
| 12 | ബാലാമണി, മൗവ്വേനി | 12 |
| 13 | സുരേഷ് എം.ടി,പാട്ടത്തിൽകുന്ന് | 12 |
| 14 | മായമോൾ ബാബുരാജ് | 12 |
| 15 | കുഞ്ഞിക്കണ്ണൻ, കള്ളാർമുണ്ട | 12 |
| 16 | കുഞ്ഞിരാമൻ, കുറുവാട്ട് നാട്ടക്കൽ | 7 |
| 17 | ഷാന്റി ,പെരുമ്പട്ട | 18 |
| 18 | നസീമ ,കല്ലുവളപ്പ് | 18 |
| 19 | ബാലാമണി.കെ, മുക്കട | 18 |
| 20 | ജയന്തി .കെ ,മുക്കട | 16 |
| 21 | നാരായണി ഓമനക്കുട്ടൻ, നാട്ടക്കൽ | 7 |
| 22 | വി.അബ്ദുള്ള, വേലിക്കത്ത് | 7 |
| 23 | ഗംഗാധരൻ.വി.കെ ,കുവപ്പാറ | 1 |
| 24 | ജോമി തോമസ് ,കാറ്റാംകവല | 10 |
| 25 | ചന്ദ്രൻ മീത്തലെപുരയിൽ, പരപ്പച്ചാൽ | 1 |

## 3-8 മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. നിർവഹണം ചെയ്ത പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

ശുചിത്വം,സേവനം,അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നീ വസ്തുതകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ,സംസ്ഥാന തലത്തിൽ പി.എച്ച്.സി. കൾക്ക് 2016-17 വർഷം മുതൽ ഏർപ്പെടുത്തിയ പ്രഥമ കായകൽപം അവാർഡ്, മികച്ച രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്ന പി.എച്ച്.സി. കൾക്ക്, സംസ്ഥാന തലത്തിൽ, സംസ്ഥാന മലിനീകരണ നിവാരണ ബോർഡ് നൽകുന്ന പുരസ്കാരം എന്നിവ 2016-17 വർഷത്തിൽ നർക്കിലക്കാട്

പി.എച്ച്.സി. ക്ക് ലഭിക്കുകയുണ്ടായി.

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. പതിനൊന്ന് പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. അവയിൽ ഏതാനും പദ്ധതികൾ ഉദ്ദേശിച്ച ലക്ഷ്യം നിലവിൽ കൈവരിച്ചിട്ടില്ലായെന്ന് കാണുവാൻ കഴിഞ്ഞു. ഇവ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

I.സാനിറ്ററി നാപ്കിൻ വെൻഡിങ് ഉപകരണം വാങ്ങൽ (പദ്ധതി നം.248/17)

ഫണ്ട് - വികസനഫണ്ട് (ജനറൽ)

ചെലവ് -₹ 2,95,000/- ; ബിൽ നം:11/16-17 തിയതി- 31.03.17

പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് പി.എച്ച്.സി. കളിലും (നർക്കിലക്കാട്, മൗക്കോട്) അവയോട് ബന്ധപ്പെട്ട സബ്സെന്ററുകളിലുമായി, ആകെ ഒൻപത് സാനിറ്ററി നാപ്കിൻ വെൻഡിങ് ഉപകരണങ്ങൾ സ്ഥാപിച്ച്, ഗുണഭോക്താക്കൾക്ക് നാപ്കിനുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ക്ഷണിച്ച ടെണ്ടർ/ ക്വട്ടേഷനുകളിൽ ശ്രീരാജ് സർജിക്കൽസ്, താവക്കര, കണ്ണൂർ എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതും, വിതരണാവകാശം നേടിയിട്ടുള്ളതും.

നാപ്കിൻ വെൻഡിങ് ഉപകരണങ്ങൾക്കായി ഒന്നിന് ₹.9,000/- നിരക്കിൽ ഒൻപതെണ്ണത്തിന് ₹ 99,000/- രൂപയും, സാനിറ്ററി നാപ്കിനിന് ഒന്നിന് ₹ 8/- നിരക്കിൽ 24,500എണ്ണത്തിന് ₹ 1,96,000/- രൂപയും വിതരണക്കാർക്ക് നൽകിയിട്ടുണ്ട്.

ഓഡിറ്റ് വേളയിൽ വിതരണത്തിനായി എത്തിച്ച നാപ്കിനുകൾ പരിശോധിച്ചപ്പോൾ, അവയിൽ നിർമ്മാതാക്കളുടെ പേര്,വിലാസം,ലൈസൻസ് നം., നിർമ്മാണ തിയതി, ഉപയോഗ കാലയളവ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. അതിനാൽ ഇവ നിർമ്മിക്കപ്പെടുന്ന ചുറ്റുപാടുകളുടെ വൃത്തി, അസംസ്കൃതവസ്തുക്കളുടെ നിലവാരം, ഗുണമേൻമ എന്നിവ സംബന്ധിച്ച് അവ്യക്തതയാണുള്ളത്. കൂടാതെ ഇപ്പോൾ അനുവദിക്കപ്പെട്ട തുകക്കുള്ള നാപ്കിൻ യൂണിറ്റുകളുടെ വിതരണത്തിന് ശേഷം പദ്ധതി തുടർന്ന് നടത്തുന്നതിനാവശ്യമായ തുക(തുടർചെലവ്)എങ്ങനെ കണ്ടെത്തുമെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ/വകയിരുത്തലുകളോ ഇല്ല.

ഈ കാര്യങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:8,തി:20.06.17) നൽകിയ മറുപടിയിൽ, മേൽപറഞ്ഞ നാപ്കിനുകൾ മാറ്റി ഗുണമേന്മയുള്ളവ വിതരണത്തിന് ഉടനെ എത്തിച്ച തരുന്നതാണെന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

മാറ്റി നൽകുന്ന നാപ്കിനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ തുടർച്ചക്ക് വേണ്ട യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. ഇക്കാര്യത്തിലുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II.ഇൻട്രാ യൂട്ടൈൻ കോൺട്രാസെപ്റ്റീവ് ഇൻസേർഷൻ ടേബിൾ വാങ്ങൽ (പദ്ധതി നം.248/17)

ഫണ്ട് - വികസനഫണ്ട് (ജനറൽ)

ചെലവ് -₹ 75,000/-

ബിൽ നം:10/16-17 ; തിയതി- 31.03.17 : തുക - ₹ 1,73,000/-

പദ്ധതി പ്രകാരം ഒരു ഇൻട്രാ യൂട്ടൈൻ കോൺട്രാസെപ്റ്റീവ് ഇൻസേർഷൻ ടേബിൾ അഥവാ മൾട്ടി ഫങ്ഷൻ ലേബർ കോട്ട് അഥവാ പ്രസവ മേശയും ഒരു കാർഡിയോ ടോകോഗ്രാഫും (സി.റ്റി.ജി. മെഷീൻ) വാങ്ങുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ ടോകോഗ്രാഫ്, ശ്രീരാജ് സർജിക്കൽസ്, താവക്കര, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ലഭ്യമായിട്ടുണ്ട്. ഇൻട്രാ യൂട്ടൈൻ കോൺട്രാസെപ്റ്റീവ് ഇൻസേർഷൻ ടേബിൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹ 75,000/- നൽകിയിട്ടുണ്ട് (ബിൽ നം:10/16-17). ഇത് റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്തതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചിട്ടേയുള്ളൂവെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ വേഗത്തിലാക്കി ടേബിൾ എത്രയും വേഗം ലഭ്യമാക്കുവാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെടേണ്ടതാണ്.

III.മെഡിക്കൽ ഉപകരണങ്ങൾക്ക് AMC വച്ചിട്ടില്ല

പദ്ധതി നം:246/17 പ്രകാരം പത്ത് പോർട്ടബിൾ ഡോപ്ലർ മെഷീൻ, പദ്ധതി നം:248/17 (ഇൻട്രാ യൂട്ടൈൻ കോൺട്രാസെപ്റ്റീവ് ഇൻസേർഷൻ ടേബിൾ )പ്രകാരം ഒരു കാർഡിയോ ടോകോഗ്രാഫ് (സി.റ്റി.ജി. മെഷീൻ) എന്നിവ ശ്രീരാജ് സർജിക്കൽസ്, താവക്കര, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങളുടെ വാറന്റി കാലയളവിന് ശേഷമുള്ള കാലയളവിലേക്കായി വിതരണക്കാരുമായി Annual Maintanance Contract ൽ ഏർപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

IV.ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉപയോഗിക്കേണ്ടത് സംബന്ധിച്ച്

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. ഏതാനും പദ്ധതികൾ സ്ത്രീകളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കുകയുണ്ടായി. പഞ്ചായത്ത് പ്രദേശത്തെ സ്ത്രീകൾക്ക് നിലവിൽ ഗൈനക്കോളജി സംബന്ധമായ പരിശോധനകൾക്കും മറ്റും ദൂരെ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ഇത് വലിയ സാമ്പത്തിക,ശാരീരിക ക്ലേശങ്ങൾക്കും സമയനഷ്ടത്തിനും, യഥാസമയം ചികിത്സ കിട്ടാതിരിക്കുന്നതിനും കാരണമാകുന്നുണ്ട്. മികവിന്റേയും വളർച്ചയുടെയും പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന നർക്കിലക്കാട് പി.എച്ച്.സി. യിൽ, മികച്ച പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും, സമീപ പ്രദേശങ്ങളിലെ ഏതെങ്കിലും സർക്കാർ ആശുപത്രിയിൽ നിന്നും ഗൈനക്കോളജി വിഭാഗത്തിലുള്ള ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ലഭ്യമാക്കിയും, ഉപകരണങ്ങൾ കാലഹരണപ്പെട്ട് പോകാതിരിക്കുന്നതിനും ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. അതിനാൽ ഈ വിഷയത്തിൽ ഭരണസമിതി ഫലവത്തായ രീതിയിൽ ഇടപെടേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-9 പാലിയേറ്റീവ് പരിചരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. നർക്കിലക്കാട്

ചെലവ് - ₹ 4,99,980/- ; പദ്ധതി നം: 98/17

പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത് 29.10.15ലെ സ.ഉ.(സാധ) 3217/15 തസ്വഭവ പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണ്. പദ്ധതി നിർവഹണത്തിൽ ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1) പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ നിർബ്ബന്ധമായും ആശ്രയപദ്ധതിയിലുള്ളവരെ (പരിചരണം ആവശ്യമുള്ള
എല്ലാ ഗുണഭോക്താക്കളേയും) ഉൾപ്പെടുത്തേണ്ടതാണ്.

2) ചെലവുകൾ ബാങ്ക്അക്കൗണ്ട് വഴി മാത്രമേ നടത്താവൂ - പാലിയേറ്റിവ് പദ്ധതിക്കായി പ്രാദേശികമായും അല്ലാതേയും വിഹിതം സമാഹരിക്കേണ്ടതും ഇതിനായി ആശുപത്രി മാനേജ്മെന്റ് കമ്മറ്റി ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതുമാണ്.പാലിയേറ്റിവ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തുക കൂടാതെ മറ്റ് വിഭവസ്രോതസ്സുകളെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന് ഖണ്ഡിക 2.10.8 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

3) 29.10.15ലെ സ.ഉ.(സാധ)3217/15തസ്വഭവ ഉത്തരവ് തിയതി മുതൽ 60ദിവസത്തിനകം പഞ്ചായത്തിലെ പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

4) ഉത്തരവിലെ ഖണ്ഡിക 2.6.3 പ്രകാരം ഗൃഹസന്ദർശനത്തിന് പോകുന്ന സാന്ത്വനപരിചരണടീമിലെ 3 പേർക്കാണ് പദ്ധതിച്ചെലവിൽ നിന്ന് ഭക്ഷണത്തിന് ചെലവ് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുവാദമുള്ളൂ (പരമാവധി 250/- രൂപ ).

5) ഉത്തരവിലെ ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട പാലിയേറ്റിവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മറ്റി എത്രയും വേഗം രൂപീകരിക്കേണ്ടതാണ്.

6) പാലിയേറ്റിവ് നഴ്സിന്റെ ഓണറേറിയം എല്ലാ മാസവും 10ാം തിയതിക്കകം നൽകണമെന്നും, പ്രസ്തുത നിയമനത്തിന് തൊഴിൽരഹിതരെയാണ് പരിഗണിക്കേണ്ടതെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്.

7) ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത ദിവസമോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും അവ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 തുക കൈപ്പറ്റിയിട്ടും വിതരണക്കാരൻ ഫർണ്ണിച്ചറുകൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

| ഫണ്ട് | ബിൽ /ചെക്ക് നം | തുക(₹ ) | ചെലവ്(₹ ) |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 06/16-17<br>തിയതി- 30.03.17 | 14,000/- | 25,313/- |
| തനത്ഫണ്ട് | 10759/29.03.17 | 11,313/- | |

വെറ്റിനറി സബ്സെന്ററുകൾക്ക് ഫർണ്ണിച്ചർ വിതരണം(പദ്ധതി നം.109/17)പ്രകാരം രണ്ട് റിവോൾവിങ് ചെയർ, രണ്ട് മേശ (ആഞ്ഞിലി തടി) എന്നിവ വാങ്ങുന്നതിനായി വിളിച്ച ക്വട്ടേഷനിൽ ഫിഡ്കോ അസോസിയേറ്റ്സ്, ഒളവണ്ണ, കോഴിക്കാട് എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതും, വിതരണാവകാശം നേടിയിട്ടുള്ളതും.മേൽ സൂചിപ്പിച്ച ബിൽ/ ചെക്ക് പ്രകാരം വിതരണക്കാരന് തുക നൽകിയിട്ടുള്ളതും കൈപ്പറ്റ് രസീത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ പദ്ധതി പ്രകാരമുള്ള ഫർണ്ണിച്ചറുകൾ, വിതരണക്കാരൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.ഈ കാര്യങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:5,തി:19.06.17) നൽകിയ മറുപടിയിൽ, മേൽപറഞ്ഞ ഫർണ്ണിച്ചറുകൾ ഉടനെ (23.06.17 നകം) എത്തിച്ചു തരുന്നതാണെന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സാമഗ്രികൾ ലഭിച്ചുവെന്നും, അവ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷനിലും, എണ്ണത്തിലും കൃത്യമാണെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 പശ്ചിമ ഘട്ട വികസന പദ്ധതി- പഞ്ചായത്തിന് ലഭ്യമാവേണ്ട ധനസഹായം 15.25 ലക്ഷം രൂപ നഷ്ടപ്പെടുത്തി

പശ്ചിമ ഘട്ട വികസനപദ്ധതിയിലുൾപ്പെടുത്തി 2014-15 വർഷം പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള പ്രത്യേക ഉപജീവന പദ്ധതിക്കായി ( പശുവളർത്തൽ)ഇരുപത് ലക്ഷം രൂപ അടങ്കലുള്ള പദ്ധതിക്കും (ഇതിൽ 12 ലക്ഷം രൂപ വെസ്റ്റേൺ ഗാട്ട് വിഹിതം), മടപ്പള്ളി തോട് നടപ്പാലം (1.75 ലക്ഷം ), മുതിരപ്പൊതി നടപ്പാലം (1.5ലക്ഷം) എന്നീ പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതി അനുമതി നൽകുകയും , പശ്ചിമ ഘട്ട പദ്ധതി വിഹിതം അനുവദിച്ച് ജില്ലാ കലക്ടർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.(No.1725/14-15/WGDP/SC/ST/DPO/KSD/Dt.27-12-2014 & No.1724/14-15/FB/ WGDP/SC/ST/ DPO/KSD/Dt.27-12-2014) എന്നാൽ യഥാസമയം പദ്ധതി നടപ്പിലാക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിക്കാതിരുന്നതിനാൽ മേൽ പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പശ്ചിമ ഘട്ട പദ്ധതി വിഹിതം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയുണ്ടായി . എന്നാൽ ഇതിനകം പദ്ധതി പ്രകാരം ചില ഗുണഭോക്താക്കൾ പശുവിനെ വാങ്ങിക്കുകയും , ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് നടപ്പാലം നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രകാരം ലഭ്യമാകേണ്ട ഫണ്ടിന് ഗ്രാമപഞ്ചായത്ത് ജില്ലാ കലക്ടറെ സമീപിച്ചപ്പോൾ ഫണ്ട് ലാപ്സായി എന്നും ഗ്രാമ പഞ്ചായത്തിന് ഈക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിക്കുകയും ചെയ്തു. ഇതേ തുടർന്ന് 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പശുവിതരണ പദ്ധതിക്കായി 1.2 ലക്ഷം രൂപയും രണ്ട് നടപ്പാലങ്ങൾക്കായി 2.78ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽനിന്നും ചെലവഴിക്കുകയുമുണ്ടായി. മേൽ പരാമർശിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭ്യമാവേണ്ട തുക നഷ്ടപ്പെടുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ട്രഷറിയിൽ നിന്നും മുൻകൂർ തുക അനുവദിക്കുന്നതിൽ വന്ന കാലതാമസമാണ് കാരണമെന്ന് അധികൃതർ വിശദീകരിക്കുകയുണ്ടായി. എന്നാൽ പദ്ധതിപ്രകാരം തുക അനുവദിച്ച് ജില്ലാ കലക്ടർ ഉത്തരവായത് 27-12-2014 നായിരുന്നു. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ഗ്രാമ പഞ്ചായത്ത്

ലഭിക്കേണ്ട പതിനഞ്ച് ലക്ഷത്തോളം രൂപ നഷ്ടപ്പെടുകയില്ലായിരുന്നു. കൂടാതെ പരിമിതമായ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കേണ്ട സാഹചര്യം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഇക്കാര്യം പരിശോധിച്ച് മേൽപ്രകാരം മൂന്ന് പദ്ധതികൾക്കുമായി തനതുഫണ്ടിൽ നിന്നും വിനിയോഗിക്കപ്പെട്ട നാലു ലക്ഷം രൂപ സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കുവാൻ സാധ്യതയുണ്ടോയെന്ന് ആരായേണ്ടതും ഇതു സംബന്ധിച്ച പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന് നിയമപ്രകാരം ലഭിക്കുന്ന വികസനഫണ്ടും മറ്റുഗ്രാന്റുകളും മാത്രം വിനിയോഗിച്ച് കൊണ്ടുള്ള വികസനപ്രവർത്തനങ്ങളിൽ ഒതുങ്ങി നിൽക്കാതെ കേന്ദ്ര , സംസ്ഥാന സർക്കാരുകൾ, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകൾ എന്നിവ മുഖേന ലഭിക്കുന്ന വിവിധ സ്കീമുകൾ ഗ്രാമ പഞ്ചായത്ത് പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ അനുവദിക്കപ്പെടുന്ന പദ്ധതികൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഇ.എം.എസ്. ഭവനപദ്ധതി-വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ

വീട് പണി തുടങ്ങിയിട്ടും നാളിതുവരെയായിട്ടും പണി പൂർത്തീകരിക്കാത്തവരുടെ പട്ടിക ചുവടെ ചേർക്കുന്നു.നാളിതുവരെ കൈപ്പറ്റിയ തുകയും ചേർത്തിരിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബൈജു.സി.കെ, ചന്ദവിള പുത്തൻവീട് | 67,500 |
| 2 | രാജീവൻ,വാഴപറമ്പിൽ | 52,500 |
| 3 | ഓമന സോമൻ | 52,500 |
| 4 | സന്തോഷ്, പത്രുവളപ്പിൽ | 52,500 |
| 5 | കുഞ്ഞാത.സി.എൻ | 67,500 |
| 6 | തമ്പായി.കെ.വി | 67,500 |
| 7 | ബിജു.എം,മുടന്തിയിൽ | 67,500 |
| 8 | ബാബു.സി.ജെ. ചെറുമാട്ടേൽ | 67,500 |
| 9 | സി.കെ.ചന്ദ്രൻ,ചൂരിക്കാട്ട് മ്യാലിൽ | 67,500 |

| | | |
|---|---|---|
| 10 | റംലത്ത്.ഒ.എ | 67,500 |
| 11 | ശശിധരൻ താഴെക്കുണ്ടിൽ | 67,500 |
| 12 | ഗോപാലകൃഷ്ണൻ.കെ.ആർ | 52,500 |
| 13 | ആയിഷ കുറ്റരില്ലത്ത് | 52,500 |
| 14 | ഉഷാ കുമാരി | 52,500 |
| 15 | മറിയം പൈലോ | 67,500 |
| 16 | പി.വി.കണ്ണൻ | 67,500 |
| 17 | വർഗ്ഗീസ് പാലക്കൽ | 67,500 |

ഈ ഗുണഭോക്താക്കൾക്ക് പരമാവധി ലഭിക്കേണ്ട ധനസഹായം ₹.75,000/- രൂപയാണ്. ഇവർക്കായി പ്രത്യേകം സ്പിൽ ഓവർ പദ്ധതി (സർക്കാർ അംഗീകാരത്തിന് വിധേയമായി) രൂപീകരിച്ചോ, പുതിയ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയോ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കൃഷി ഓഫീസർ നിർവഹണം ചെയ്ത പദ്ധതികൾ- നടപടി ക്രമങ്ങളിലെ അപാകതകൾ

2016-17 വർഷത്തിൽ കൃഷി ഓഫീസർ ഏഴ് പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. തെങ്ങ് കൃഷി പരിപാലനം,നെൽകൃഷിക്ക് ജൈവവളം സബ്സിഡി,വാഴ- കിഴങ്ങ് വർഗ്ഗ-പച്ചക്കറി കൃഷി, പച്ചക്കറി കൃഷി വികസനം(ജനറൽ,വനിത), വാഴ കൃഷി വികസനം(ജനറൽ,വനിത) എന്നിവയാണ് നടപ്പിലാക്കിയ പദ്ധതികൾ. എന്നാൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്ന് കാണവാൻ കഴിഞ്ഞു. ഇവ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളിൽ, അയൽസഭ, ഗ്രാമസഭ, വാർഡ് മെമ്പർ, ഉദ്യോഗസ്ഥ പരിശോധന, കൃഷി ഓഫീസറുടെ റിപ്പോർട്ട് എന്നിവ ഉണ്ടാകേണ്ടതാണ്. എന്നാൽ ഭൂരിഭാഗം അപേക്ഷകളിലും ഒരുവിധ പരിശോധനയും നടത്തിയതായുള്ള രേഖപ്പെടുത്തലുകൾ ഇല്ല. സ്ഥലപരിശോധന റിപ്പോർട്ടോ, തെങ്ങുകളുടെ എണ്ണം കണക്കാക്കിയതിന്റെ പരിശോധന റിപ്പോർട്ടോ ഒന്നും ലഭ്യമല്ല. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന, ജൈവവളവും മറ്റും വാങ്ങിയതായിട്ടുള്ള ബില്ലിനെ ആധാരമാക്കിയാണ് സബ്സിഡി നൽകിയിട്ടുള്ളത്. അതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച്, യോഗ്യരായ ഗുണഭോക്താക്കളുടെ അർഹതയ്ക്കനുസൃതമായി സബ്സിഡിയും

മറ്റാനുകൂല്യങ്ങളും നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പരപ്പ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,77,800 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,77,800 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 201/17ചെന്നടുക്കം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 17/25-1-17 | 2,00,000 | 0 | 2,00,000 |
| കെ. എസ്.ഇ.ബി | 204/17സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 23/13-03-17 | 7,00,000 | 7,00,000 | 0 |
| കെ. എസ്.ഇ.ബി | 205/17മുക്കട സ്വജൽധാര കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 29/31-03-17 | 1,59,900 | 0 | 1,59,900 |
| കേരള വാട്ടർ അതോറിറ്റി | 240/17കുറുക്കുട്ടി കുടിവെള്ള പദ്ധതി | 28/31-03-17 | 4,00,000 | 0 | 4,00,000 |
| കെ. എസ്.ഇ.ബി | 250/17പെരളം തട്ട് കുടിവെള്ള പദ്ധതി ത്രീ ഫെയ്സ് ലൈൻ സ്ഥാപിക്കൽ | 31/31-03-17 | 2,15,300 | 2,15,300 | 0 |
| കെ. എസ്.ഇ.ബി | 251/17സമ്പൂർണ്ണ വൈദ്യുതീകരണം വീട് വയറിങ്ങ് തുക ഡിപ്പോസിറ്റ്ചെയ്യൽ | 30/31-03-17 | 2,00,000 | 2,00,000 | 0 |

## 4-3 മൊബലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സ) നം.565/10 തസ്വഭവ,തി. 27-02-2010 | 1,29,50,000 | 19,99,540 | - | - | 19,99,540 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18,001-രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11& 2011-12 | 3(1)a | 18,001 | സി.ദാമോദരൻ, സെക്രട്ടറി | 11601103053/ 25-10-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 plan | 10 | 2005-06 | 2.94.1 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് 29,25,000 | വിനിയോഗസാക്ഷ്യ പത്രം സമർപ്പിച്ചിട്ടുണ്ട്. |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 4.1.7 | നിഷ്ക്രിയാവസ്ഥയിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 5.7.7 | പറമ്പ ICDP സബ്സെന്റർ 8 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | മറുപടി ലഭ്യമാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,57,59,982 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,26,31,427 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (exp) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(3) തിയ്യതി.18.04.16 | 1 |
| 1997-98(p) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(4) തിയ്യതി.18.04.16 | 1 |

| | | |
|---|---|---|
| 1997-98(f) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(5) തിയ്യതി.18.04.16 | 5 |
| 1998-99(p) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(6) തിയ്യതി.18.04.16 | 1 |
| 1998-99(f) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(7) തിയ്യതി.18.4.16 | 3 |
| 1999-00(p) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(8) തിയ്യതി.18.04.16 | 3 |
| 1999-00(f) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(9) തിയ്യതി.18.04.16 | 2 |
| 2000-01(p) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(10) തിയ്യതി.18.04.16 | 3 |
| 2000-01(f) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(11) തിയ്യതി.18.04.16 | 3 |
| 2001-02(p) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(12) തിയ്യതി.18.04.16 | 4 |
| 2001-02(f) | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(13) തിയ്യതി.18.04.16 | 6 |
| 2002-03 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(14) തിയ്യതി.18.04.16 | 6 |
| 2003-04 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(15) തിയ്യതി.18.04.16 | 9 |
| 2004-05 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(16) തിയ്യതി.18.04.16 | 9 |
| 2005-06 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(17) തിയ്യതി.18.04.16 | 7 |
| 2006-07 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(18) തിയ്യതി.18.04.16 | 13 |
| 2007-08 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(19) തിയ്യതി.18.04.16 | 18 |
| 2008-09 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(20) തിയ്യതി.18.04.16 | 11 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.കെ.എസ്.ഡി.10/111/2016(21) തിയ്യതി.18.04.16 | 19 |
| 2010-11& 2011-12 | കെ.എസ്.എ.കെ.എസ്.ഡി.10/382/2015 തിയ്യതി.20.11.15 | 27 |
| 2012-13& 2013-14 | കെ.എസ്.എ.കെ.എസ്.ഡി.10/1094/2016 തിയ്യതി.16.03.17 | 17 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.10/727/2016 തിയ്യതി.02.03.17 | 8 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.10/70/2017 തിയ്യതി.13.01.17 | 16 |

തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-10/681/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.

E-mail:- doksd.ksad@kerala.gov.in

തീയതി. 23.06..2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക

ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD/10/681/2017.

Kerala State Audit Department,

District Audit Office,Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Dated:23.06.2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of West Eleri Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of West Eleri Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.